(ബി) അരി (കിലോഗ്രാമിന*)

കോമൺ അരി	..	3·12 രൂപ മുതൽ 3·15 രൂപ വരെ
ഫൈൻ അരി	..	3·72 രൂപ മുതൽ 3·76 രൂപ വരെ
സൂപ്പർ ഫൈൻ അരി	..	3·94 രൂപ മുതൽ 3·97 രൂപ വരെ
ഗോതമ്പ് (കിലോഗ്രാമിന്)	..	2·56 രൂപ മുതൽ 2·58 രൂപ വരെ
പഞ്ചസാര (കിലോഗ്രാമിന്)	..	5·25 രൂപ
മണ്ണെണ്ണ (ലിറ്ററിന്)	..	2·94 രൂപ.

(സി) അരിയുടെ വില (കിലോഗ്രാമിന്)

കോമൺ അരി	..	5·70 രൂപ മുതൽ 5·75 രൂപ വരെ
ഫൈൻ അരി	..	6·51 രൂപ മുതൽ 6·56 രൂപ വരെ
സൂപ്പർ ഫൈൻ അരി	..	6·82 രൂപ മുതൽ 6·87 രൂപ വരെ
ഗോതമ്പ് (കിലോഗ്രാമിന്)	..	4·33 രൂപ മുതൽ 4·38 രൂപ വരെ
പഞ്ചസാര (കിലോഗ്രാമിന്)	..	9·15 രൂപ
മണ്ണെണ്ണ (ലിറ്ററിന്)	..	2·68 രൂപ മുതൽ 2·86 രൂപ വരെ.

(ഡി, ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരി വിലയിൽ നാലു പ്രാവശ്യവും ഗോതമ്പ് വിലയിൽ മൂന്നു പ്രാവശ്യവും പഞ്ചസാര വിലയിൽ അഞ്ചു പ്രാവശ്യവും വർദ്ധനവുണ്ടായിട്ടുണ്ട്. 25-7-1991-ൽ 2·94 രൂപ ഉണ്ടായിരുന്ന മണ്ണെണ്ണയുടെ വില 2·51 രൂപ മുതൽ 2·80 വരെയായും 1-1-1992-ൽ 2·62 മുതൽ 2·78 വരെയായും 1-5-1993-ൽ 2·66 രൂപ മുതൽ 2·86 രൂപ വരെയായും കുറഞ്ഞിട്ടുണ്ട്. ഓരോ ഇനത്തിനും വിലയിൽ വന്ന വർദ്ധനവിന്റെ ശതമാനം സംബന്ധിച്ച വിശദവിവരം അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്നു.†

(എഫ്) സംസ്ഥാനത്തെ റേഷൻകടകളിൽക്കൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

(ജി) അനുബന്ധം മൂന്നിൽ കൊടുത്തിരിക്കുന്നു. **

റേഷൻ കടകൾ

155 [1336] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ എത്ര റേഷൻ കടകളുണ്ടെന്ന് വെളിപ്പെടുത്തുമോ?

---

† അനുബന്ധം VI (A)

** അനുബന്ധം VI (B)

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്ത് 1995 ഡിസംബർ മാസത്തെ കണക്കനുസരിച്ച് 14179 റീട്ടെയിൽ റേഷൻകടകളുണ്ട്.

റേഷൻ കാർഡുകൾ

156 [1337] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1991–92 മുതൽ 1994–95 വരെ എത്ര പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു;

(ബി) ഈ കാലയളവിൽ എത്ര കാർഡുകൾ റദ്ദു ചെയ്തു?

ഉത്തരം

(എ) 1/91 മുതൽ 12/95 വരെ 599,776 കാർഡുകൾ നൽകിയിട്ടുണ്ട്.

(ബി) 15,898 കാർഡുകൾ റദ്ദു ചെയ്തിട്ടുണ്ട്.

പഞ്ചസാര വിതരണത്തിലെ കാലതാമസം

157 [1338] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 ഡിസംബർ മാസം മുതൽ റേഷൻകടകളിൽ കൂടിയുള്ള പഞ്ചസാര വിതരണത്തിന് തടസ്സം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഓപ്പൺ മാർക്കറ്റിൽ വില കൂടാൻ കാരണമാകുമെന്നതിനാൽ റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ യഥാസമയം ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റേഷൻകടകളിൽക്കൂടിയുള്ള ഡിസംബർ മാസത്തെ പഞ്ചസാര വിതരണത്തിന് യാതൊരു തടസ്സവും ഉണ്ടായിട്ടില്ല.

(ബി) റേഷൻകടകൾ വഴി വിതരണം ചെയ്തുവരുന്ന അവശ്യസാധനങ്ങൾ യഥാസമയം തന്നെ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനുവേണ്ട എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly